## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6152 10.7.2012-ൽ മറുപടിയ്ക്ക്

### വി.എഫ്.പി.സി.കെ യുടെ പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | | ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) വി.എഫ്.പി.സി.കെ.യുടെ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) | കേരളത്തിലെ പഴം-പച്ചക്കറി മേഖലയുടെ സമഗ്ര വികസനത്തിനായി നിലവിൽ വന്ന വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ വിത്തുമുതൽ വിപണനം വരെയുള്ള കാർഷിക വൃത്തിയുടെ എല്ലാ ഘട്ടങ്ങളിലും, കർഷകർക്ക് സഹായം എത്തിക്കുന്ന രീതിലാണ് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത്. വാണിജ്യാടിസ്ഥാനത്തിൽ പഴം-പച്ചക്കറി കൃഷി ചെയ്യുന്ന 15-20 കർഷകരെ ഒരുമിച്ചു ചേർത്ത് രൂപീകരിക്കുന്ന സ്വാശ്രയ സംഘങ്ങളാണ് കൗൺസിലിന്റെ പ്രവർത്തനങ്ങളുടെ അടിത്തറ. വിദഗ്ധ പരിശീലനം നേടിയ മാസ്റ്റർ കർഷകർ നയിക്കുന്ന ഈ സ്വാശ്രയ സംഘങ്ങളാണ്, കൗൺസിലിന്റെ എല്ലാ ഫീൽഡ് തല പ്രവർത്തനങ്ങളും നടപ്പിലാക്കുന്നതും. ഇപ്പോൾ 8052 സ്വാശ്രയസംഘങ്ങളിലായി 155368 കർഷകർ വി.എഫ്.പി.സി.കെ യിൽ അംഗങ്ങളാണ്. പച്ചക്കറികൃഷിയിൽ ശാസ്ത്രീയമായ കൃഷി രീതികളെയും, രോഗകീടനിയന്ത്രണത്തേയും സംബന്ധിച്ചുള്ള പരിശീലന പരിപാടികൾ വി.എഫ്.പി.സി.കെ നടത്തിവരുന്നു. |

വീട്ടുമുറ്റത്തും ടെറസ്സിലും പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 'ഹരിതനഗരി' എന്ന പദ്ധതി ആവിഷ് ക്കരിച്ച് നടപ്പിലാക്കി വരുന്നു. കർഷകർക്ക് ഗുണമേന്മയുള്ള പച്ചക്കറി വിത്തുകൾ വിതരണം ചെയ്യുന്നതിനായി ഒരു വിത്ത് സംസ്ക്കരണശാലയും പച്ചക്കറിത്തൈകളുടെ ഉല്പാദത്തിനായി ഒരു ഹൈടെക് നഴ്സറിയും ആലത്തൂർ ആസ്ഥാനമായി പ്രവർത്തിച്ചു വരുന്നു.

11 വാണിജ്യ ബാങ്കുകളിലൂടെ കർഷകർക്ക് കൃഷിക്കായി വായ്പ നൽകുകയും കൃഷിക്കും കർഷകർക്കും ഇൻഷ്വറൻസ് പരിരക്ഷ നൽകുകയും ചെയ്യാറുണ്ട്

ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നൊഴിവാക്കി കർഷകർക്ക് ന്യായവില ഉറപ്പാക്കത്തക്ക രീതിയിൽ കേരളത്തിലുടനീളം 241 സ്വാശ്രയ കർഷക വിപണികൾ നിലവിൽ വി.എഫ്.പി.സി.കെ യുടെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. കർഷകർക്ക് അവരുടെ ഉല്പന്നങ്ങളുടെ വില താഴ്ന്ന് പോകുന്ന സാഹചര്യത്തിൽ ഫെയർ പ്രൈസ് സപ്പോർട്ട് (fair price support ) ഉം, വിപണിയിൽ ഉൽപന്നം സാധാരണയിൽ കവിഞ്ഞ് വരുന്ന സാഹചര്യത്തിൽ വിപണി ഇടപെടൽ (market intervention support) ഉം നടപ്പിലാക്കി വരുന്നു. കർഷകർക്ക് എല്ലാ ദിവസവും തങ്ങളുടെ ഉല്പന്നങ്ങളുടെ വില വിവരം കൃത്യമായി അറിയുന്നതിന് മാർക്കറ്റ് ഇൻഫർമേഷൻ സെന്റർ (market information centre ) വി.എഫ്.പി.സി.കെ യുടെ ഹെഡ് ക്വാർട്ടേഴ്സിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കർഷകർക്ക് അവരുടെ പഴം പച്ചക്കറി ഉൽപന്നങ്ങൾ കേടുകൂടാതെ സംഭരിക്കുന്നതിനായി

| | | | |
|---|---|---|---|
| | | | പരീക്ഷണാടിസ്ഥാനത്തിൽ ഇടുക്കിയിൽ തോപ്രാംകുടിയിലും പാലക്കാട് എലഞ്ചേരിയിലും ഓരോ ശീതികരണ സംഭരണികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | വി.എഫ്.പി.സി.കെ യുടെ കീഴിൽ നിലവിൽ കാർഷിക വിപണന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ അവ എവിടെയെല്ലാമാണെന്ന് അറിയിക്കുമോ ? | (ബി) | വി.എഫ്.പി.സി.കെ.യുടെ കീഴിൽ സംസ്ഥാനത്തുട നീളം പ്രവർത്തിക്കുന്ന സ്വാശ്രയ കർഷക വിപണികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**